## അധികാരം

**I. "സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു"**

- പരമാധികാരി—ദൈവം പരമാധികാരിയാണ്, അവന് എല്ലാ അധികാരവും ഉണ്ട്
  - എല്ലാ അധികാരവും ദൈവത്തിന്റെ ആളത്തത്തിൽ നിന്നും വരുന്നു, ദൈവത്തിൽനിന്നും ഉത്ഭവിക്കുന്നു
- ആത്മികാധികാരത്തിന് രണ്ടു വശങ്ങളുണ്ട്:
  - അനുലോമപരം—വിശുദ്ധന്മരെ സേവിക്കുകയും, അവരെ മേയ്ക്കുകയും, അവർക്ക് സഹായം നൽകുകയും, അവരെ കെട്ടുപണി ചെയ്യുകയും ചെയ്യുന്നത്
  - പ്രതിലോമപരം—ശത്രുവിനോടും അവനോടു ബന്ധപ്പെട്ട കാര്യങ്ങളോടും ഇടപെടുന്നത്.
- ദൈവപുത്രൻ—തന്റെ ദിവ്യത്വത്തിൽ കർത്താവിന് സകലത്തിന്റെമേലും അധികാരമുണ്ടായിരുന്നു
- മനുഷ്യപുത്രൻ—അവന്റെ മനുഷ്യത്വത്തിൽ, സ്വർഗീയ രാജ്യത്തിന്റെ രാജാവുമെന്ന നിലയിൽ അവന്റെ പുനരുത്ഥാനത്തിനുശേഷം സ്വർഗത്തിലും ഭൂമിയിലുമുള്ള അധികാരം അവന് നൽകപ്പെട്ടു

## ശിഷ്യരാക്കുവിൻ—സ്നാനപ്പെടുത്തിക്കൊണ്ടു

**II. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുത്തിക്കൊണ്ട്... സകലജാതികളെയും ശിഷ്യരാക്കുവിൻ**

- അധികാരം—സകല അധികാരവും അവന് നൽകപ്പെട്ടിരിക്കുന്നതു കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കുവാൻ സ്വർഗീയ രാജാവ് തന്റെ ശിഷ്യന്മാരെ അയച്ചു
- ശിഷ്യന്മാർ പോകുന്നു—അവർ അവന്റെ അധികാരത്തോടുകൂടെ പോകുന്നു
- ശിഷ്യരാക്കുക—ജാതികളെ ശിഷ്യരാക്കുന്നത്, ഇന്ന് ഭൂമിയിലുള്ള, സഭ എന്ന അവന്റെ രാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി വിജാതീയരെ രാജ്യജനമാക്കുന്നതാണ്.
- സ്നാനം—ക്രിസ്തുവിന്റെ പുതിയ ജീവൻകൊണ്ട് ജനിപ്പിച്ചുകൊണ്ടു തങ്ങളുടെ പഴയ സ്ഥിതിയിൽനിന്നും പുതിയ ഒന്നിലേക്ക് അവരെ കൊണ്ടുവരുന്നു.
- ലേക്ക്—നാമത്തിലേക്ക് എന്നതിലെ *ലേക്ക്* എന്നത് ഐക്യത്തെ സൂചിപ്പിക്കുന്നു
  - ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് ജനത്തെ സ്നാനപ്പെടുത്തുന്നത് അവനുമായി ആത്മികവും മാർമികവുമായ ഒരു ഐക്യത്തിലേക്ക് അവരെ കൊണ്ടുവരുന്നതാണ്.
- ഏക നാമം—ദിവ്യ ത്രിത്വത്തിന് ഒരു നാമമാണുള്ളത്
  - നാമം ദിവ്യ ആളത്തത്തിന്റെ ആകത്തുകയാണ്, അവനാകുന്ന വ്യക്തിക്കു തുല്യമാണ്.
  - ഒരുവനെ ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് സ്നാനപ്പെടുത്തുന്നത് ത്രിയേക ദൈവമായിരിക്കുന്ന സകലത്തിലേക്കും അവനെ നിമജ്ജനം ചെയ്യുന്നതാണ്
- ദിവ്യ ത്രിത്വത്തിന്റെ യാഥാർഥ്യം—രാജ്യം സംരചിക്കുന്നതിനുവേണ്ടി, മൂവർക്കും—പിതാവും, പുത്രനും, ആത്മാവും—ഒരു നാമം നൽകിക്കൊണ്ട് മത്തായി ദിവ്യ ത്രിത്വത്തിന്റെ യാഥാർഥ്യത്തെ വെളിവാക്കുന്നു
  - അധ്യായം 1—മനുഷ്യനായ യേശുവിന്റെ ഉൽപ്പാദനത്തിനുവേണ്ടി
  - അധ്യായം 3—പുത്രന്റെ സ്നാനത്തിൽ
  - അധ്യായം 12—പുത്രൻ ഭൂതങ്ങളെ പുറത്താക്കുന്നതിൽ
  - അധ്യായം 16—പുത്രനെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ
  - അധ്യായം 17—പുത്രന്റെ കായാന്തരണത്തിൽ
  - അധ്യായം 28—ദിവ്യ ത്രിത്വത്തിന്റെ നാമത്തിലേക്ക് സ്നാനപ്പെടുത്തുന്നതിൽ
  - സ്വർഗീയ രാജ്യം—ത്രിയേക ദൈവവുമായുള്ള ഐക്യത്തിലേക്ക് നിമജ്ജനം ചെയ്യപ്പെട്ടവരും തങ്ങളിലേക്ക് പണിതുചേർക്കപ്പെട്ട ത്രിയേക ദൈവത്താൽ ഉറപ്പിക്കപ്പെടുകയും പണിയപ്പെടുകയും ചെയ്തവരുമായ ജനത്താൽ മാത്രമേ സ്വർഗീയ രാജ്യം സംരചിക്കപ്പെടുവാൻ കഴിയുകയുള്ളൂ.

## ശിഷ്യരാക്കുവിൻ—ഉപദേശിച്ചുകൊണ്ടു

**III. "ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും [തന്നെ]. ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്"**

- ഉപദേശിച്ചുകൊണ്ടു— ഒന്നാമത് അവരെ ത്രിയേക ദൈവവുമായുള്ള ജൈവീക ഐക്യത്തിലേക്ക് സ്നാനപ്പെടുത്തിയതിനു ശേഷം രണ്ടാമത് അവരെ ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കുന്നു
- നിങ്ങളോടുകൂടെ ഉണ്ട്—ഇമ്മാനുവേൽ എന്ന നിലയിൽ ദൈവം നമ്മോടുകൂടെയുള്ളവനാകയാൽ അവന്റെ നാമത്തിലേക്ക് നാം കൂടിവരുന്നിടത്തെല്ലാം പരസ്പരം വേർപിരിയാതെ അവൻ നമ്മുടെ നടുവിലുണ്ട്
- തന്റെ മടങ്ങിവരുവരേയും—തന്റെ ജനത്തോടുകൂടെ തുടർമാനമായി ഉണ്ടായിരിക്കുന്ന ഇമ്മാനുവേലെന്ന നിലയിൽ കർത്താവ് സ്വർഗീയ രാജാവാണ്
- യുഗത്തിന്റെ പരിണതി—ഈ യുഗത്തിന്റെ അവസാനം, കർത്താവിന്റെ വരവായ കർത്താവിന്റെ പറൂസിയയുടെ സമയം
  - യുഗത്തിന്റെ പരണതി ലോകത്തിന്റെ അവസാനമല്ല, മറിച്ച് സഭായുഗത്തിന്റെ, കൃപായുഗത്തിന്റെ പൂർത്തീകരണമാണ്; ഈ യുഗം പൂർത്തീകരണത്തോട് വളരെ അടുത്തിരിക്കുന്നു.
  - അത് മഹോപദ്രവത്തിന്റെ മൂന്നരവർഷമായിരിക്കും
  - യുഗത്തിന്റെ പരിണതിയോളം, അതായത്, ഈ യുഗത്തിന്റെ അവസാനത്തോളം, കർത്താവ് തന്റെ പുനരുത്ഥാനത്തിൽ എല്ലാ നാളും നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്ന് അവൻ വാഗ്ദത്തം ചെയ്തു.